ഉത്തരം

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സാധിക്കാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച നിയമം 2007 പ്രകാരം ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ആഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ ധ്വംസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത ആഫീസർമാർ വഴി പ്രശ്ന പരിഹാരം കണ്ടുവരുന്നു.

വനിതാ കമ്മീഷന് അനുവദിച്ച ധനസഹായം

297 (1675) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 ജനുവരി 31 വരെയുള്ള കാലയളവിൽ, കേരള വനിതാ കമ്മീഷന് സർക്കാർ അനുവദിച്ച ധനസഹായം എത്ര കോടി രൂപയാണ്; വിശദമാക്കാമോ;

(ബി) അനുവദിച്ച തുകയിൽ ചെലവഴിക്കാതെ ട്രഷറിയിൽ ബാക്കി നിൽക്കുന്ന തുകയുടെ കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ചേർന്ന അദാലത്തുകൾ എത്ര; അദാലത്തുകളിൽ വന്നിട്ടുള്ള ശിപാർശകൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഓരോ അദാലത്തുകൾക്കും ചെലവായ തുകയുടെ കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ക്ഷേമ പെൻഷൻ കുടിശ്ശിക

298 (T1676) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പദ്ധതികളുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഒരു മാസം ക്ഷേമ പെൻഷനുകൾ നല്കാൻ എന്ത് തുക ആവശ്യമാണ്;

(ബി) ഏതെല്ലാം ക്ഷേമപെൻഷനുകൾ എല്ലാ മാസവും യഥാസമയം നല്കുവാൻ സാധിച്ചിട്ടുണ്ട്;

(സി) എത്ര പേർക്ക് അർഹമായ എത്ര കോടി രൂപയുടെ ക്ഷേമപെൻഷനുകൾ 2016 ജനുവരി 30 ന് കുടിശ്ശികയായുണ്ടായിരുന്നു;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിൽ എത്ര പേർക്കുള്ള എത്ര മാസത്തെ പെൻഷനുകൾ കുടിശ്ശിക ആയിട്ടുണ്ട്; മൊത്തം കുടിശ്ശിക തുക എത്രയാണ്;

(ഇ) ക്ഷേമപെൻഷനുകൾ എല്ലാം മാസവും 15-ാം തീയതിക്ക് മുമ്പ് ബാങ്ക്/ പോസ്റ്റാഫീസ് അക്കൗണ്ടിലേക്ക് നേരിട്ട് നല്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുവാൻ സാധിച്ചിട്ടിട്ടുണ്ടോ; നിലവിലുള്ള മൊത്തം കുടിശ്ശിക എന്നത്തേക്ക് നൽകാനാകും;

(എഫ്) യഥാസമയം ക്ഷേമപെൻഷനുകൾ നൽകാതെ കുടിശ്ശികയാകുന്നത് നല്കുന്നതിന് ജില്ലകളിൽ മേളകൾ നടത്താൻ ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) 243.43 കോടി രൂപ.

(ബി) പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ഡിബിടി സെൽ മുഖേന വിതരണം ചെയ്യുന്ന 2015 ഡിസംബർ മാസം വരെയുള്ള എല്ലാ ക്ഷേമ പെൻഷനുകളും നൽകിയിട്ടുണ്ട്. 2016 ജനുവരി മാസത്തെ പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 26.27 ലക്ഷം പേർക്കായി 1397.70 കോടി രൂപ കുടിശ്ശികയായി നൽകാനുണ്ട്.

(ഡി) വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ വിവിധ ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക ഗഡുക്കളുടെ കാര്യത്തിൽ ഏകീകൃത സ്വഭാവമില്ല. ആകെ കുടിശ്ശിക തുക 1397.70 കോടി രൂപ.

(ഇ) ക്ഷേമ പെൻഷനുകൾ എല്ലാ മാസവും 15-ാം തീയതിക്ക് മുമ്പ് കൃത്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് കോർ ബാങ്കിംഗ് സംവിധാനത്തിലേക്ക് മാറുന്ന പ്രക്രിയ നടപ്പാക്കി വരുന്നതിനാൽ പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് മുഖേന 2015 സെപ്റ്റംബർ മാസം മുതലുള്ള പെൻഷൻ വിതരണം നടത്താൻ സാധിച്ചിട്ടില്ല. 2015 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള തുക ചെക്ക് മുഖേന നൽകിയിട്ടുണ്ട്.

(എഫ്) 2015 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള ക്ഷേമ പെൻഷൻ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിന് ജില്ലാ തലത്തിൽ 2016 ഫെബ്രുവരി 6-ന് മേള നടത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly